കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീമതി രേഷ്മ പി-യ്ക്ക് കണ്ണൂർ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവനം - നിയമനം ഒരു പ്രത്യേക കേസായി കണക്കാക്കി കെ.എസ്.ആർ.ഭാഗം ഒന്ന് ചട്ടം 140 (സി) യിൽ ഇളവ് വരുത്തി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

**സ.ഉ. (സാധാ) നം.406/2020/തസ്വഭവ തീയതി, തിരുവനന്തപുരം,18/02/2020**

---

പരാമർശം : 1) 10.03.13 ലെ 42/2013/ധന നമ്പർ സർക്കുലർ.

2) സ.ഉ(സാധാ)നം 284/2015/തസ്വഭവ തീയതി 30.01.2015

3) സ.ഉ(സാധാ)നം 1454/2016/തസ്വഭവ തീയതി 13.04.2016.

4) സ.ഉ. (സാധാ) നം.560/2018/തസ്വഭവ തീയതി, 26/02/2018.

5) സ.ഉ(സാധാ)നം 960/2019/തസ്വഭവ തീയതി 09.05.2019

6) കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 17.05.2019 ലെ എ 4-5291/18 നമ്പർ കത്ത്.

7) ശ്രീമതി.രേഷ്മ.പി-യുടെ 30.05.2019 ലെ അപേക്ഷ

**ഉത്തരവ്**

കണ്ണൂർ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവനകാല വ്യവസ്ഥയിൽ ജോലിചെയ്യുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീമതി.രേഷ്മ.പി -യ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ഒരു വർഷത്തേക്ക് അന്യത്രസേവനകാല വ്യവസ്ഥയിൽ നിയമനം നൽകുകയും, പരാമർശം (3), പരാമർശം (4) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പ്രസ്തുത നിയമനം ഓരോ വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. പരാമർശം(5) സർക്കാർ ഉത്തരവ് പ്രകാരം ടിയാളുടെ അന്യത്രസേവന വ്യവസ്ഥയിലുള്ള നിയമനം അവസാനിപ്പിച്ചു കൊണ്ടും ടിയാളെ മാതൃ വകുപ്പിലേക്ക് തിരികെ അയച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീമതി .രേഷ്മ.പി-യുടെ കണ്ണൂർ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ അന്യത്രസേവന കാലയളവ് ഒരു പ്രത്യേക കേസായി കണക്കാക്കി കെ.എസ്.ആർ.ഭാഗം ഒന്ന് ചട്ടം 140 (സി) യിൽ ഇളവ് വരുത്തി 30.01.2018 മുതൽ 29.01.2020 വരെ ദീർഘിപ്പിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിയ്ക്കാത്ത പക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥയെ വിട്ടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃ വകുപ്പിലേക്ക് തിരിച്ചു പോകാതിരിക്കുകയും ചെയ്താൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടിയാളെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ല

ഗവർണ്ണറുടെ ഉത്തര വിൻ പ്രകാരം

**രമണി മാത്യു**

**ഗവ. അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത്, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ.
ശ്രീമതി രേഷ്മ പി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, കണ്ണൂർ ജില്ലാ പഞ്ചായത്ത് ഓഫീസ്(സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത് മുഖേന).
ധനവകുപ്പ് (11.02.2020 ലെ dev-4/76/2017/fin നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 1/104/2019/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻപ്രകാരം

Danny.M

സെക്ഷൻ ഓഫീസർ